**139/21-M**

ചോദ്യപുസ്തക
അക്ഷരകോഡ്

**A**

A

ഉദ്യോഗാർത്ഥിയുടെ രജിസ്റ്റർ നമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

പരമാവധി മാർക്ക് **: 100**

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന സ്വാതി തിരുനാൾ രാമവർമ്മയുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ഏത് ?
   i) 'ഗർഭ ശ്രീമാൻ' എന്നറിയപ്പെട്ടു.
   ii) തിരുവനന്തപുരത്ത് വാനനിരീക്ഷണ കേന്ദ്രം തുടങ്ങി.
   iii) ഒരു സത്യപരീക്ഷയായിരുന്ന 'ശുചീന്ദ്രം പ്രത്യയം' അഥവാ 'ശുചീന്ദ്രം കൈമുക്കൽ' നിർത്തലാക്കി.
   iv) ഏറ്റവും കൂടുതൽ കാലം തിരുവിതാംകൂർ ഭരണാധികാരിയായി.

   A) i & iii B) ii & iv C) iii മാത്രം D) iv മാത്രം

2. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ സർദാർ വല്ലഭായ് പട്ടേലുമായി ബന്ധപ്പെട്ട് ശരിയല്ലാത്തത് ഏത് ?
   i) ഇന്ത്യയുടെ പ്രഥമ ഉപപ്രധാനമന്ത്രിയായിരുന്നു.
   ii) ലാഹോർ കോൺഗ്രസ്സിന്റെ അധ്യക്ഷനായിരുന്നു.
   iii) ജന്മദിനമായ ഒക്ടോബർ 31 'രാഷ്ട്രീയ ഏകതാ ദിവസ'മായി ആചരിക്കുന്നു.
   iv) മരണാനന്തര ബഹുമതിയായി 'ഭാരതരത്നം' പുരസ്കാരം ലഭിച്ചിട്ടുണ്ട്.

   A) ii & iii B) i & iv C) ii മാത്രം D) iv മാത്രം

3. പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരി നിരകളിൽ ഉത്ഭവിക്കുന്ന നദി.

   A) കൃഷ്ണ B) ഗോദാവരി C) കാവേരി D) മഹാനദി

4. ഉഷ്ണമേഖലാ ഉയർന്ന മർദ്ദത്തിൽ നിന്ന് ഭൂമധ്യരേഖാ താഴ്ന്ന മർദ്ദ മേഖലയിലേക്ക് വീശുന്ന കാറ്റ്.

   A) വാണിജ്യവാതങ്ങൾ B) പശ്ചിമവാതങ്ങൾ
   C) ധ്രുവീയ പൂർവവാതങ്ങൾ D) പ്രദേശികവാതങ്ങൾ

5. ഇന്ത്യയിലെ വിളകളെ കുറിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് ?
   i) ഖാരിഫ് വിളയായ നെല്ലിന് എക്കൽ മണ്ണാണ് ഏറ്റവും അനുയോജ്യം.
   ii) ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ ചോളത്തിനു മൂന്നാം സ്ഥാനമാണുള്ളത്.
   iii) ലോകത്തിൽ ഏറ്റവും കൂടുതൽ തേയില ഉല്പാദിപ്പിക്കുന്നത് ഇന്ത്യയിലാണ്.
   iv) ഗോതമ്പ് ഒരു ഖാരിഫ് വിളയാണ്. നീർവാർച്ചയുള്ള എക്കൽ മണ്ണാണ് ഏറ്റവും അനുയോജ്യം.

   A) i മാത്രം ശരി B) i ഉം ii ശരി
   C) i ഉം ii ഉം iii ശരി D) എല്ലാം ശരി

6. സർക്കാറിന്റെ ധനനയവുമായി ബന്ധമില്ലാത്തത് ഏത് ?

A) പൊതുവരുമാനം
B) പൊതുചെലവ്
C) പൊതു കടം
D) പൊതു വിതരണം

7. ഇന്ത്യൻ ഭരണഘടനയുടെ 86-ാം ഭേദഗതിയുമായി ബന്ധപ്പെട്ട് ശരിയായതേത് ?

i) ഭരണഘടനയിൽ പുതുതായി 21 (എ) വകുപ്പ് കൂട്ടിച്ചേർത്തു.

ii) 2004 ൽ പാർലമെന്റ് പാസാക്കി.

iii) ഭരണഘടനയുടെ 45-ാം വകുപ്പിൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ശൈശവ കാല പരിചരണവും വിദ്യാഭ്യാസവും നൽകേണ്ടത് രാഷ്ട്രത്തിന്റെ കടമയാണെന്ന് വ്യവസ്ഥ ചെയ്തു.

A) i മാത്രം ശരി
B) i ഉം ii ഉം ശരി
C) i ഉം iii ഉം ശരി
D) എല്ലാം ശരിയാണ്

8. ചുവടെ തന്നിരിക്കുന്നവയിൽ ഗ്രാമസഭയെ കുറിച്ച് പ്രതിപാദിക്കുന്ന ഇന്ത്യൻ ഭരണഘടനാ വകുപ്പേത് ?

A) 224 (എ)
B) 242
C) 240
D) 243 (എ)

9. കേരള സർക്കാർ നടപ്പിലാക്കുന്ന 'ശരണ്യ' പദ്ധതി താഴെ പറയുന്നതിൽ ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ് ?

A) സ്വയം തൊഴിൽ
B) ക്ഷീരവികസനം
C) വിദ്യാഭ്യാസം
D) ആരോഗ്യം

10. താഴെ പറയുന്നവയിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുമായി ബന്ധപ്പെട്ട് ശരിയായത് ഏത് ?

i) ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ.

ii) നിലവിൽ വന്നത് 2013 മെയ് 15ന്.

iii) ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി ചുമതലയേറ്റ തീയ്യതി മുതൽ 5 വർഷം.

A) iii മാത്രം ശരി
B) i ഉം ii ഉം ശരി
C) ii ഉം iii ഉം ശരി
D) എല്ലാം ശരിയാണ്

11. താഴെ പറയുന്നവയിൽ ഒരു തൊഴിൽജന്യ രോഗമേത് ?

A) ഹീമോഫീലിയ
B) എംഫീസിമ
C) സിലിക്കോസിസ്
D) സിക്കിൾ സെൽ അനീമിയ

12. നവംബർ 14 ലോക പ്രമേഹദിനമായി ആചരിക്കുന്നു. ലോക പ്രമേഹദിനത്തിന്റെ ലോഗോ ഏതാണ് ?

A) ചുവപ്പ് വൃത്തം B) നീല വൃത്തം

C) പച്ച വൃത്തം D) മഞ്ഞ വൃത്തം

13. ഭൂമിയുടെ ധ്രുവപ്രദേശത്ത് വച്ച് മാസും ഭാരവും നിർണയിച്ച ഒരു വസ്തുവിനെ ഭൂമധ്യരേഖക്കടുത്ത് വച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?

A) മാസ് മാറുന്നില്ല, ഭാരം ഏറ്റവും കൂടുതൽ

B) മാസും ഭാരവും ഏറ്റവും കൂടുതൽ

C) മാസ് മാറുന്നില്ല ഭാരം ഏറ്റവും കുറവ്

D) മാസും ഭാരവും ഏറ്റവും കുറവ്

14. വസ്തുവിനേക്കാൾ വലുതും നിവർന്നതും മിഥ്യയും ആയ പ്രതിബിംബം രൂപീകരിക്കുന്ന ഒരു ദർപ്പണത്തിന്റെ വക്രതാ ആരം 45 cm (R = 45 cm) ആയാൽ ദർപ്പണം ഏത് തരം ? ദർപ്പണത്തിന്റെ ഫോക്കസ് ദൂരം എത്ര ?

A) കോൺവെക്സ് ദർപ്പണം, F = + 90 cm

B) കോൺകേവ് ദർപ്പണം, F = – 90 cm

C) കോൺവെക്സ് ദർപ്പണം, F = + 22.5 cm

D) കോൺകേവ് ദർപ്പണം, F = – 22.5 cm

15. ഊതി വീർപ്പിച്ച ബലൂൺ അല്പനേരം വെയിലത്ത് വെച്ചാൽ പൊട്ടാൻ കാരണം .

A) $V \propto n$ B) $V \propto T$ C) $P \propto \frac{1}{V}$ D) $P \propto T$

16. സ്ഥിരകാന്തം നിർമ്മിക്കാൻ ഉപയോഗിക്കുന്ന ലോഹസങ്കരം ഏത് ?

A) സ്റ്റെയിൻലസ് സ്റ്റീൽ B) നിക്രോം

C) അൽനിക്കോ D) ബ്രാസ്സ്

17. നന്ദനാർ എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ആരാണ് ?

A) എം. കെ. മേനോൻ B) പി. സി. ഗോപാലൻ

C) പി. സച്ചിദാനന്ദൻ D) എം. പി. ഭട്ടതിരിപ്പാട്

18. ഏത് കായികതാരത്തോടുള്ള ആദര സൂചകമായാണ് ആഗസ്റ്റ് 29 ന് ഇന്ത്യ ദേശീയ കായികദിനമായി ആചരിക്കുന്നത് ?

A) യശ്പാൽ ശർമ്മ B) മിൽക്കാ സിങ്ങ്

C) ധ്യാൻചന്ദ് D) മൻസൂർ അലിഖാൻ പട്ടൗഡി

19. താഴെ പറയുന്നതിൽ വൊളറ്റൈൽ മെമ്മറിയ്ക്ക് (Volatile Memory) ഉദാഹരണം ഏത് ?

A) ROM
B) RAM
C) ഹാർഡ് ഡിസ്ക്
D) ഫ്ലാഷ് മെമ്മറി

20. ഇൻഫൊർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) യുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ സൗകര്യപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ പൗരൻമാരിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനമാണ്.

A) ഇ ഗവേർണൻസ്
B) ഇന്റർനെറ്റ്
C) ലാൻ (LAN)
D) വാൻ(WAN)

21. ഒരു ബുക്കിന്റെ മൂന്നുവശങ്ങളും കവറിനൊപ്പം മുറിക്കുന്നതിന് പറയുന്ന പേര്.

A) കട്ടിങ്ങ്
B) ട്രിമ്മിങ്ങ്
C) ഫ്ലഷ് കട്ട്
D) ക്രീസിങ്ങ്

22. താഴെപ്പറയുന്നവയിൽ ബൈൻഡിങ്ങിനുപയോഗിക്കാത്ത വസ്തു.

A) ലെതർ
B) പശ
C) ഫോൾഡർ
D) നമ്പറിങ് മെഷീൻ

23. ബൈൻഡിങ്ങിനുപയോഗിക്കുന്ന പശയിൽ തുരിശ് ചേർക്കുന്നത് എന്തിന് ?

A) ഫംഗസിനെ പ്രതിരോധിക്കാൻ
B) കളർ കൂട്ടാൻ
C) ബലം കൂട്ടാൻ
D) ഒട്ടിപിടിക്കാൻ

24. എഡിഷൻ ബൈൻഡിങ്ങിന്റെ മറ്റൊരു പേര്.

A) കേസ് ബൈൻഡിങ്
B) സ്പൈറൽ ബൈൻഡിങ്
C) ലൂസ് ലീഫ് ബൈൻഡിങ്
D) കോംബ് ബൈൻഡിങ്

25. ക്രൗൺപേപ്പറിന്റെ അളവ്.

A) 20 × 15 inch
B) 15 × 20 cm
C) 20 × 15
D) 15 × 20 m

26. സിഗ്നേച്ചറുകളെ ക്രമത്തിൽ അടുക്കുന്നതിനു പറയുന്ന പേര്.

A) കൊളേറ്റിങ്
B) ഗാതറിങ്
C) ഫോർവേർഡിങ്
D) ഫിനിഷിങ്

27. പ്രിന്റിങ്ങും ബൈൻഡിങ്ങും കഴിഞ്ഞ് പൊതിഞ്ഞോ ബോക്സുകളിലാക്കിയോ കസ്റ്റമർക്കു കൊടുക്കുന്ന രീതിക്കു പറയുന്ന പേര് ?

A) ലാമിനേറ്റിങ്
B) പഞ്ചിങ്
C) ഫിനിഷിങ്
D) പാക്കേജിങ്

28. നിപ്പിങ് പ്രസ്സിന്റെ ഉപയോഗം.

A) ബൈൻഡിങ്ങിന്

B) മടക്കിയ ഷീറ്റുകൾക്ക് മർദം കൊടുക്കാൻ

C) ലാമിനേഷന്

D) പേപ്പർ മടക്കാൻ

29. ബൈൻഡിങ്ങിൽ പേപ്പർ മടക്കാൻ ഉപയോഗിക്കുന്ന ഉപകരണം.

A) നിപ്പിങ് പ്രസ് B) ഫോൾഡർ

C) കട്ടർ D) പഞ്ചിങ് മെഷീൻ

30. പേജുകൾ ബൈൻഡ് ചെയ്ത ബുക്കിന്റെ ഭാഗത്തിനു പറയുന്ന പേര് ?

A) ഹെഡ് B) ഫോർ എഡ്ജ്

C) സ്പൈൻ D) ബ്ലേർബ്

31. ഒരു ഷീറ്റ് പേപ്പർ എത്ര തവണ മടക്കിയാലാണ് ഒക്ടാവോ സൈസ് കിട്ടുന്നത് ?

A) 3 B) 4 C) 2 D) 1

32. പേർഫെക്ട് ബൈൻഡിങ്ങിൽ പുറംചട്ടയ്ക്കായി ഉപയോഗിക്കുന്നത് എന്താണ് ?

A) ലെതർ B) ബോർഡ്

C) പേപ്പർ D) കാർഡ്

33. ബുക്കിന്റെ റെക്ടോ പേജ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ?

A) പുറംചട്ട

B) വലതുവശത്തെ പേജ്

C) ഇടതുവശത്തെ പേജ്

D) സ്പൈൻ

34. പേപ്പർ സ്റ്റോക്ക് സൂക്ഷിക്കുന്ന സ്ഥലത്തിനു പറയുന്നപേര്.

A) ഗോഡൗൺ B) പ്രസ്

C) വെയർഹൗസ് D) ബൈൻഡറി

35. ബൈൻഡേഴ്സ് മാർക്ക് എന്തിനാണ് ഉപയോഗിക്കുന്നത് ?

A) സെക്ഷനുകൾ തെറ്റിപ്പോകാതിരിക്കാൻ

B) ബൈൻഡിങ് ചെയ്യാൻ

C) ഫോൾഡ് ചെയ്യാൻ

D) കട്ട് ചെയ്യാൻ

36. ബോർഡുകളും കട്ടിയുള്ള കാർഡുകളും ശരിയായി മടക്കാൻ ചെയ്യുന്ന പ്രക്രിയ.

A) ബൈൻഡിങ്
B) ലൈനിങ്
C) സ്കോറിങ്
D) പ്രസ്സിങ്

37. ബുക്ക്ബൈൻഡിങ്ങിൽ ഓവർകാസ്റ്റ് സ്യൂയിങ്ങ് ഉപയോഗിച്ചാൽ ഉണ്ടാകാവുന്ന പ്രശ്നം.

A) ബുക്കിന്റെ വലുപ്പം കൂടും
B) ബുക്ക് ഫ്രീയായി തുറക്കാനുള്ള അസൗകര്യം
C) ബുക്കിൽ മടക്കുകൾ ഉണ്ടാകുന്നു
D) തുന്നൽ പൊട്ടിപ്പോകുന്നു

38. A4 ഷീറ്റിന്റെ അളവ്

A) 210 × 297 cm
B) 17½ × 22½ inch
C) 210 × 297 mm
D) 17½ × 22½ cm

39. താഴെപ്പറയുന്നവയിൽ ബൈൻഡിങ്ങിനുപയോഗിക്കാത്ത വസ്തു.

A) നീഡിൽ
B) പശ
C) ഫോർഡ്രൈനർ മെഷീൻ
D) കാലിക്കോ

40. സാധാരണ ഗുളികകളുടെ പാക്കേജിങ് താഴെപ്പറയുന്നവയിൽ ഏതാണ് ?

A) ബ്ലിസ്റ്റർ പാക്കറ്റ്സ്
B) ബബിൾ പാക്കറ്റ്സ്
C) റാപ്പർ
D) കാർഡ്ബോർഡ്

41. പേപ്പറിന്റെ GSM എന്താണ് ?

A) ഗ്രാംസ് പെർ സ്ക്വയർ മീറ്റർ
B) ഗ്രാംസ് പെർ മീറ്റർ
C) ഗ്രാവിറ്റി മീറ്റർ സ്കെയിൽ
D) ഗ്ലോബൽ സിസ്റ്റം ഫോർ മൊബൈൽസ്

42. താഴെപ്പറയുന്നവയിൽ ലൈറ്റ് വെയ്റ്റ് പേപ്പർ ഏതാണ് ?

A) കാർഡ്
B) ലെഡ്ജർ പേപ്പർ
C) ബൈബിൾ പേപ്പർ
D) ബോർഡ്

43. കേസ് ബൈൻഡിങ്ങിൽ മടക്കിയ പേജുകളെ അമർത്തി ഇടയിലുള്ള വായുനീക്കം ചെയ്യുന്നതിനു പറയുന്ന പേര്.

A) സ്മാഷിങ്
B) വൈപ്പിങ്
C) നിപ്പിങ്
D) ഗാർഡനിങ്

44. ഗാതർ ചെയ്ത സെക്ഷനുകൾ ക്രമമായാണോ എന്ന് പരിശോധിക്കുന്ന പ്രക്രിയ ?

A) ചെക്കിങ്
B) ഗാതറിങ്
C) കൊളേറ്റിങ്
D) ജോഗിങ്

45. ലൈബ്രറി പുസ്തകങ്ങൾ ടേപ്പ് സ്യൂയിങ്ങ് ചെയ്യുമ്പോൾ അനായാസം തുറക്കാനും അടക്കാനുമായി സഹായിക്കുന്ന ഗ്രൂവിനു പറയുന്ന പേര് ?

A) സാഡിൽ ഗ്രൂവ്
B) ഫ്രെഞ്ച് ഗ്രൂവ്
C) ബക്ക്ൾ ഗ്രൂവ്
D) പിൻ ഗ്രൂവ്

46. ബുക്കിന്റെ അരിക് മോടിയാക്കാൻ ഉപയോഗിക്കുന്ന മാർഗങ്ങൾ ഏതൊക്കെ ?

A) കളറിങ്, സ്പ്രിങ്കിളിങ്, മാർബിളിങ്
B) കളറിങ്, പഞ്ചിങ്, ഗിൽഡിങ്
C) പെയിന്റിങ്, സ്കോറിങ്, സ്കേലിങ്
D) സ്കേലിങ്, പേർഫൊറേറ്റിങ്, ലാമിനേറ്റിങ്

47. ബുക് മാർക്കായി ബൈൻഡിങ്ങ് സമയത്ത് ലൈനിങ്ങ് പേപ്പർ ഒട്ടിക്കുന്നതിനു മുമ്പ് ബുക്കിന്റെ പിറകുവശത്ത് നിറമുള്ള കനംകുറഞ്ഞ ടേപ്പോ റിബണോ ഒട്ടിച്ചു ചേർക്കുന്നതിനു പറയുന്ന പേര്.

A) ലൈനിങ്ങ്
B) രെജിസ്റ്റർ
C) ടാഗിങ്
D) പഞ്ചിങ്

48. 1000 ഷീറ്റുകളുടെ ഭാരത്തെ സൂചിപ്പിക്കുന്ന പദം ഏത് ?

A) ബേസിസ് വെയ്റ്റ്
B) GSM
C) എം വെയ്റ്റ്
D) സ്റ്റാൻഡേർഡ് വെയ്റ്റ്

49. പേപ്പറിന്റെ ഒരേ പോലെയല്ലാത്ത വശങ്ങൾ മുറിക്കുന്നതിനു പറയുന്ന പേര് ?

A) ട്രിമ്മിങ്
B) കട്ടിങ്
C) ക്രീസിങ്
D) ജോഗിങ്

50. ലൂസ് ലീഫ് ബൈൻഡിങ്ങിനൊരുദാഹരണം.

A) അക്കൗണ്ട് ബുക്ക് ബൈൻഡിങ്
B) സെക്ഷൻ ബൈൻഡിങ്
C) സിഗ്നേച്ചർ ബൈൻഡിങ്
D) റിങ് ബൈൻഡിങ്

51. പാക്കേജിങ്ങിനുപയോഗിക്കുന്ന ഗ്ലാസ്സിന്റെ പ്രധാന ഘടകം ഏത് ?

A) സിലിക്ക
B) ഫോയിൽ
C) മെറ്റൽ
D) ക്രിസ്റ്റൽസ്

52. മെറ്റൽ ഡൈ ഉപയോഗിച്ച് കട്ട് ചെയ്യുന്ന രീതി.

A) ഡമ്മി കട്ടിങ്

B) ഡൈ കട്ടിങ്

C) പാരലൽ കട്ടിങ്

D) ട്രിമ്മിങ്

53. രണ്ട് ഡൈകൾ ഉപയോഗിച്ച് ഒരു ഇമേജ് ഉയർന്ന രീതിയിലാക്കുന്ന പ്രക്രിയ ?

A) വാട്ടർ മാർക്ക്

B) കലൻഡറിങ്

C) എംബോസിങ്ങ്

D) മാർബിളിങ്

54. കേടു വന്ന പുസ്തകങ്ങൾ വീണ്ടും ബൈൻഡ് ചെയ്യാൻ കൂടുതലായി ഉപയോഗിക്കുന്ന തുന്നൽ രീതി.

A) വയർ സ്റ്റിച്ച്

B) കോർഡ് സ്യൂയിങ്

C) ഫ്ലെക്സിബിൾ സ്യൂയിങ്

D) ഓവർകാസ്റ്റ് സ്യൂയിങ്

55. ബുക്ക് ബൈൻഡിങ്ങിൽ ലെതർ ഉപയോഗിക്കുന്നത് എന്തിനുവേണ്ടിയാണ് ?

A) ബലത്തിനും ദീർഘകാല സംരക്ഷണത്തിനും

B) ബുക്കിന്റെ വലുപ്പത്തിന്

C) ലൈബ്രറിയിൽ വയ്ക്കാൻ

D) പ്രിന്റിങ് സൗകര്യത്തിന്

56. കനം കുറഞ്ഞ പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് ഒരു ബുക്കിനെയോ ഒന്നിലധികം ബുക്കുകളെയോ കവർ ചെയ്യുന്ന രീതി.

A) ലാമിനേറ്റിങ്

B) വാർണിഷിങ്

C) ഷ്റിങ്ക് റാപ്പ്

D) പേസ്റ്റ് അപ്

57. ബൈൻഡിങ് ചെയ്യുമ്പോൾ ടെക്സ്റ്റ് ഭാഗത്തിനു മുമ്പായും പിമ്പായും ഒട്ടിച്ചു ചേർക്കുന്ന ഷീറ്റിനു പറയുന്ന പേര്.

A) കാലിക്കോ

B) എൻഡ് പേപ്പർ

C) ഫാൻസി പേപ്പർ

D) ബാക് ലൈനിങ്

58. കാലിക്കോയോ തുണിയോകൊണ്ട് പ്രത്യേകമായി തയ്യാറാക്കുന്ന പുറംചട്ട ബുക്കിൽ ഒട്ടിക്കുന്ന രീതി.

A) കേസിങ്ങ് ഇൻ

B) കേസ് ബൗണ്ട്

C) ഹാർഡ് ബൗണ്ട്

D) ലൈനിങ്

59. ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് ഏത് പാക്കേജിങ് രീതിയാണ് സ്വീകരിക്കുന്നത് ?

A) ബ്ലിസ്റ്റർ പാക്ക് B) ഷ്റിങ്ക് റാപ്

C) ബബിൾ റാപ് D) ബ്രിക് കാർട്ടൺ

60. പേപ്പർ കൂട്ടമായി മുറിക്കാൻ ഉപയോഗിക്കുന്ന മെഷീൻ.

A) കത്രിക B) എൻഡ്ഡി കട്ടർ

C) മാർക്കർ D) ഗില്ലറ്റിൻ കട്ടർ

61. സാധാരണ പേപ്പർ ഉണ്ടാക്കാനായി ഉപയോഗിക്കുന്നത് __________ ആണ്.

A) സെല്ലുലോസ് ഫൈബർ B) പ്ലാസ്റ്റിക്

C) ക്ലോത് D) ലിനൻ

62. കോർഡ് സ്യൂയിങ്ങ് എന്നതിന് മറ്റൊരു പേര്.

A) ഗാതറിങ് B) സോൺ ഇൻ സ്യൂയിങ്ങ്

C) ഓവർകാസ്റ്റ് സ്യൂയിങ്ങ് D) ബ്ലോട്ടിങ്

63. പേപ്പർ നിർമ്മാണ പ്രക്രിയയിൽ ഉപയോഗിക്കുന്ന മെഷീൻ ഏതാണ് ?

A) ഫോർഡ്രൈനർ മെഷീൻ B) സാഡിൽ മെഷീൻ

C) ഓഫ്സെറ്റ് മെഷീൻ D) പഞ്ചിങ്ങ് മെഷീൻ

64. റോളറുകൾക്കിടയിൽക്കൂടി കടത്തിവിട്ട് പേപ്പറിന്റെ ഉപരിതലം മിനുസപ്പെടുത്തുന്ന പ്രക്രിയ.

A) എംബോസിങ് B) ലാമിനേറ്റിങ് C) ഡ്രൈയിങ് D) കലണ്ടറിങ്

65. എന്താണ് TCF പേപ്പർ ?

A) ക്ലോറിൻ വിമുക്ത പേപ്പർ B) ലൈറ്റ്വെയ്റ്റ് പേപ്പർ

C) കറൻസി പേപ്പർ D) ബോണ്ട് പേപ്പർ

66. പുസ്തകത്തിന്റെ വശങ്ങൾ മുറിക്കുമ്പോൾ ഏതാണ് ആദ്യം മുറിക്കുക ?

A) ടെയ്ൽ B) ഫോർ എഡ്ജ് C) സ്പൈൻ D) ബാക്ക്

67. ഒരു പുസ്തകത്തിന്റെ ആദ്യത്തേയും അവസാനത്തെയും പേജുകൾ ചേർത്തുണ്ടാക്കുന്ന എൻഡ് പേപ്പർ.

A) ഡബിൾ എൻഡ് പേപ്പർ B) സിങ്കിൾ എൻഡ് പേപ്പർ

C) സിഗ് സാഗ് എൻഡ് പേപ്പർ D) മേഡ് എൻഡ് പേപ്പർ

68. ഒരു റീം എത്ര ഷീറ്റുകളാണ്.

A) 100 B) 1000 C) 10000 D) 500

69. പേപ്പറുകൾ ഞൊറികൾപോലെ മടക്കുന്നതിനു പറയുന്ന പേര്.

A) സ്പൈൻ ഫോൾഡ്
B) ബക്ക്ൾ ഫോൾഡ്
C) സിഗ്സാഗ് ഫോൾഡ്
D) അക്കോർഡിയോൺ ഫോൾഡ്

70. തുന്നി കവറിട്ട് ചെയ്യുന്ന ബൈൻഡിങ് ഓപ്പറേഷൻസിനു മുഴുവനായി പറയുന്ന പേര്.

A) മേക്റെഡി
B) ഫിനിഷിങ് ഓപ്പറേഷൻസ്
C) പ്രസ് കൺസോൾ
D) ഫോർവേർഡിങ്

71. പുറംചട്ടകൾ ആകർഷകമാക്കാനായി മെറ്റാലിക് പ്രിന്റിങ് നടത്തുന്ന രീതിക്ക് പറയുന്ന പേര് ?

A) തെർമോഗ്രഫി
B) എംബോസിങ്
C) ഫോയിൽ സ്റ്റാമ്പിങ്
D) വാർണിഷിങ്

72. താഴെപ്പറയുന്നവയിൽ ഏതാണ് ട്യൂബ് കാർട്ടണിൽ പെടുന്നത് ?

A) റിവേഴ്സ് ടക് എൻഡ് കാർട്ടൺ
B) ഗ്ലൂ എൻഡ് കാർട്ടൺ
C) കോറുഗേറ്റഡ് കാർട്ടൺ
D) ട്രേ കാർട്ടൺ

73. വുഡ്ഫ്രീ പേപ്പർ എന്താണ് ?

A) മുള ഉപയോഗിച്ചുണ്ടാക്കുന്നത്
B) കെമിക്കൽ പൾപ്പ് ഉപയോഗിച്ചുണ്ടാക്കുന്നത്
C) നാരുകൾ ഉപയോഗിച്ചുണ്ടാക്കുന്നത്
D) തടി ഉപയോഗിച്ചുണ്ടാക്കുന്നത്

74. മെഷീനിൽ ഉപയോഗിക്കുന്ന ഫോൾഡിങ് ഉപകരണം.

A) ബക്കിൾ ഫോൾഡർ
B) ബോൺ ഫോൾഡർ
C) മെക്കാനിക്കൽ ഫിംഗേഴ്സ്
D) ചെയ്ൻ

75. ഷിപ്പിങ് കർട്ടണുകൾക്ക് ഉപയോഗിക്കുന്ന വസ്തു.

A) പേപ്പർ
B) പ്ലാസ്റ്റിക്
C) റബ്ബർ
D) കോറുഗേറ്റഡ് ബോർഡ്

76. STE ബോക്സ് എന്താണ് ?
   A) സ്നാപ് ലോക് ബോക്സ്
   B) ആഹാര പദാർത്ഥങ്ങൾക്കുള്ള ബോക്സ്
   C) സ്ട്രെയ്റ്റ് ടക് എൻഡ് ബോക്സ്
   D) സിക്സ് ട്രേ എൻഡ്

77. പാക്കേജിങ്ങിനായി സാധാരണ ഉപയോഗിക്കുന്ന ലോഹങ്ങൾ.
   A) അലുമിനിയം & ടിൻ
   B) ബോക്സൈറ്റ് & ലെഡ്
   C) ടിൻ & ആന്റിമണി
   D) ഇരുമ്പ് & ചെമ്പ്

78. താഴെപ്പറയുന്നവയിൽ പാക്കേജിങ്ങിന്റെ ധർമ്മമല്ലാത്തത് ഏത് ?
   A) വിൽപന
   B) ആകർഷണീയത
   C) സംരക്ഷണം
   D) ഫാനിങ്

79. എന്താണ് TCF പേപ്പർ ?
   A) ബ്ലാങ്ക് പേപ്പർ
   B) ടിഷ്യു പേപ്പർ
   C) ക്ലോറിൻ ഇല്ലാത്ത പേപ്പർ
   D) ബ്രൗൺ പേപ്പർ

80. പേപ്പർ ഒട്ടിയിരിക്കാതിരിക്കാൻ തട്ടിയടുക്കുന്ന രീതി.
   A) ബ്ലൈൻഡിങ്
   B) ജോഗിങ്
   C) സ്റ്റിച്ചിങ്
   D) പേർഫൊറേറ്റിങ്

81. താഴെപ്പറയുന്നവയിൽ കോർഡ് ഉപയോഗിച്ച് സെക്ഷനുകൾ തുന്നുന്ന രീതി ഏതാണ് ?
   A) വയർ സ്റ്റിച്ചിങ്
   B) ടേപ്പ് സ്വീയിങ്
   C) ഓവർകാസ്റ്റ് സ്വീയിങ്
   D) ഫ്ലെക്സിബിൾ സ്വീയിങ്

82. ലെറ്റർപ്രസ് ബൈൻഡിങ്ങിൽ മാത്രമാണ് ഇത് ഉപയോഗിക്കുന്നത്.
   A) സ്വീയിങ്
   B) ബാക്കിങ്
   C) കെമിക്കൽ പൾപ്പ്
   D) ഷ്റിങ്ക് റാപ്പ്

83. പേപ്പർ ഉണ്ടാക്കുന്നത് സാധാരണ ___________ ഉപയോഗിച്ചാണ്.
   A) സെല്ലുലോസ് ഫൈബർ
   B) റീസൈക്കിൾഡ് പേപ്പർ
   C) ലീഫ്
   D) കാലിക്കോ

84. ബൈൻഡിങ് സാമഗ്രികൾ അല്ലാത്തത് ഏത് ?
   A) മാനില
   B) കിച്ചൺ പേപ്പർ
   C) സ്ട്രോ ബോർഡ്
   D) ഫൗണ്ടൻ സൊല്യൂഷൻ

85. ബുക്കിന്റെ പ്രാധാന്യമനുസരിച്ച് അവയുടെ വക്കുകൾ അലങ്കരിക്കുന്ന രീതി.

A) ഫുൾ ഡെക്കറേഷൻ
B) പഞ്ചിങ്
C) എഡ്ജ് ഡെക്കറേഷൻ
D) സ്കോറിങ്

86. സ്പൈനിൽ മാത്രം കാലിക്കോയും ബാക്കി ഭാഗത്ത് ഫാൻസിപേപ്പറും ഉപയോഗിച്ച് ബൈൻഡ് ചെയ്യുന്ന രീതിക്ക് പറയുന്ന പേര്.

A) ഹാഫ് ക്ലോത്ത്
B) ഫുൾ ക്ലോത്ത്
C) ക്വാർട്ടർ ക്ലോത്ത്
D) ഫുൾ ലെതർ

87. ഒരു പേപ്പറിന്റെ വീതി ഇരട്ടിച്ചാൽ ഡബിൾ എന്നും നീളവും വീതിയും ഇരട്ടിച്ചാൽ _________ എന്നും പറയുന്നു.

A) ഡിമൈ
B) ക്വാർട്
C) ഹാഫ്
D) ഡബിൾ ഡമ്മി

88. പേപ്പർ മടക്കുമ്പോൾ രണ്ട് ലീഫുകൾ വന്നാൽ അതിനെ _________ എന്നു പറയുന്നു.

A) ഒക്ടാവോ
B) ഫോളിയോ
C) ക്വാർട്ടോ
D) ഫുൾ

89. സെക്ഷനുകൾ തമ്മിൽ യോജിക്കുന്ന നൂലുകൾക്കിടയിൽകൂടി സൂചി കടത്തി കുരുക്കിട്ട് രണ്ട് കെട്ടുകൾ വീതം ഇടുന്ന രീതിക്ക് പറയുന്ന പേര്.

A) വയർ സ്റ്റിച്ച്
B) സാഡിൽ സ്റ്റിച്ച്
C) കോർഡ് സ്വീയിങ്
D) കെറ്റിൽ സ്റ്റിച്ച്

90. കടലാസുകളിൽ വരയിടാനായി ഉപയോഗിക്കുന്ന മെഷീൻ.

A) കട്ടിങ് മെഷീൻ
B) സ്വീയിങ് മെഷീൻ
C) റൂളിങ് മെഷീൻ
D) പഞ്ചിങ് മെഷീൻ

91. ടിക്കറ്റ്, രസീത് തുടങ്ങിയവയിൽ മുറിച്ചെടുക്കേണ്ട സ്ഥാനത്ത് ദ്വാരങ്ങൾ ഇടാനായി ഉപയോഗിക്കുന്ന മെഷീൻ.

A) ക്രീസിങ് മെഷീൻ
B) ബൈൻഡിങ് മെഷീൻ
C) സ്വീയിങ് മെഷീൻ
D) പേർഫൊറേറ്റിങ് മെഷീൻ

92. നല്ലയിനം ബൈൻഡിങ്ങിനായിഉപയോഗിക്കുന്ന ലെതർ ഏതാണ് ?

A) കാലിക്കോ
B) റക്സിൻ
C) ഫൈബർ
D) ആട്ടിൻ തുകൽ

93. പുസ്തകങ്ങൾ തയ്ക്കുന്നതിന് വേണ്ട ദ്വാരങ്ങൾ ഇടാനായി ഉപയോഗിക്കുന്ന ലോഹനിർമിത കൈപ്പിടിയോടുകൂടിയ ആണി.

A) നൈഫ്
B) കട്ടർ
C) ബോഡ്കിൻ
D) ക്വയിൻ

94. പേപ്പർ നിർമാണ പ്രക്രിയയിൽ വാട്ടർമാർക്കുകൾ ചെയ്യുന്ന സിലിണ്ടർ.

A) ഇംപ്രഷൻ സിലിണ്ടർ
B) ഫൗണ്ടൻ റോളർ
C) ഫോം റോളർ
D) ഡാൻഡി റോൾ

95. അക്കൗണ്ട് ബുക്കുമായി ബന്ധപ്പെട്ടിരിക്കുന്ന പേപ്പർ.

A) ആർട് പേപ്പർ
B) വൈറ്റ് പേപ്പർ
C) ക്രാഫ്റ്റ് പേപ്പർ
D) ലെഡ്ജർ പേപ്പർ

96. തുന്നുന്നതിനു മുമ്പ് തയ്യൽ വരുന്ന ഭാഗത്തിനെ അടയാളപ്പെടുത്തുന്നതിനു പറയുന്ന പേര് ?

A) സ്റ്റഫിങ്
B) ബൈൻഡിങ് അപ്
C) മാർക്കിങ് അപ്
D) സ്യൂയിങ് അപ്

97. പുസ്തകം ബൈൻഡ് ചെയ്യുന്നതിന് മുമ്പ് പുസ്തകം ബൈൻഡ് ചെയ്തു കഴിയുമ്പോൾ കിട്ടുന്ന അതേ രൂപത്തിൽ ഉണ്ടാക്കിയെടുക്കുന്ന ചെറിയ പുസ്തകം _________ എന്ന് അറിയപ്പെടുന്നു.

A) ഡിമൈ
B) രജിസ്റ്റർ
C) ഡയറി
D) ഡമ്മി

98. അച്ചടിച്ച ഷീറ്റിന് തിളക്കവും ഭംഗിയും വർദ്ധിപ്പിക്കുന്നതിനും തേയ്മാനത്തിൽ നിന്നും സംരക്ഷണം നല്കുന്നതിനും ചെയ്യുന്ന പ്രവർത്തി.

A) ഫ്ലാപ്പ്
B) ലാമിനേഷൻ
C) ക്രീസ്ങ്
D) ലെതറിങ്

99. ബൈൻഡ് ചെയ്തശേഷവും ഷീറ്റുകൾ ചേർക്കാനും നീക്കം ചെയ്യാനും കഴിയുന്ന ബൈൻഡിങ് രീതി.

A) സ്പൈറൽ ബൈൻഡിങ്
B) പേർഫെക്ട് ബൈൻഡിങ്
C) സ്റ്റേപ്പ്ൾ
D) പ്ലാസ്റ്റിക് കോംബ് ബൈൻഡിങ്

100. ഷ്രിങ്ക് റാപ്പിനു പകരമായി ചെയ്യുന്ന പ്രവർത്തിക്കുപയോഗിക്കുന്ന മെഷീൻ.

A) ബാൻഡിങ് മെഷീൻ
B) പേർഫൊറേറ്റിങ് മെഷീൻ
C) വയർ സ്റ്റിച്ചിങ് മെഷീൻ
D) പേർഫെക്ട് ബൈൻഡിങ് മെഷീൻ

## Space for Rough Work